**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1821** **13-02-2025 - ൽ മറുപടിയ്ക്ക്**

**തിരൂർ ജോയിൻറ് ആർ.ടി. ഒ ഓഫീസിലെ തസ്തികകൾ**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. കുറുക്കോളി മൊയ്തീൻ</td><td colspan="2">ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>തിരൂർ ജോയിൻറ് ആർ.ടി.ഒ ഓഫീസിൽ നിലവിൽ എത്ര തസ്തികകളുണ്ടെന്ന് അറിയിക്കാമോ; പ്രസ്തുത ഓഫീസിൽ നിലവിലുള്ള തസ്തികകളിൽ എത്രയെണ്ണം ഒഴിഞ്ഞു കിടക്കുന്നുവെന്ന വിവരം അറിയിക്കുമോ;</td><td>(എ)</td><td>അനുബന്ധമായി ചേർക്കുന്നു.<br><br><u>അനുബന്ധം.</u><br>
<table>
<tr><th>തസ്തിക</th><th>അംഗീകൃത സംഖ്യാബലം</th><th>നിലവിൽ ഒഴിഞ്ഞു കിടക്കുന്നവയുടെ എണ്ണം</th></tr>
<tr><td>ജോയിന്റ് ആർ.ടി.ഒ.</td><td>1</td><td>ഇല്ല</td></tr>
<tr><td>മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ</td><td>3</td><td>1</td></tr>
<tr><td>അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ</td><td>6</td><td>1</td></tr>
<tr><td>ജൂനിയർ സൂപ്രണ്ട്</td><td>1</td><td>ഇല്ല</td></tr>
<tr><td>എച്ച്.എ./എച്ച്.സി./ പി.ആർ.ഒ.</td><td>1</td><td>ഇല്ല</td></tr>
<tr><td>ക്ലാർക്ക്/സീനിയർ ക്ലാർക്ക്</td><td>6</td><td>2</td></tr>
<tr><td>ടൈപ്പിസ്റ്റ്</td><td>1</td><td>ഇല്ല</td></tr>
<tr><td>ഓഫീസ് അറ്റൻഡന്റ്</td><td>2</td><td>ഇല്ല</td></tr>
</table>
</td></tr>
<tr><td>(ബി)</td><td>പ്രസ്തുത ഓഫീസിൽ നിലവിൽ ഒഴിവുകൾ നികത്താതെ കിടക്കുന്ന തസ്തികകളിൽ എന്ന് മുതലാണ് ഒഴിവു വന്നതെന്ന് തസ്തിക തിരിച്ച് അറിയിക്കുമോ;</td><td>(ബി)</td><td>മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ, അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ എന്നീ തസ്തികകളിൽ 05.11.2024 മുതലും, ക്ലാർക്ക്, സീനിയർ ക്ലാർക്ക് തസ്തികകളിൽ 06.02.2024 മുതലുമാണ് ഒഴിവ് വന്നിട്ടുള്ളത്.</td></tr>
<tr><td>(സി)</td><td>പ്രസ്തുത ഓഫീസിൽ നിലവിൽ ഒഴിഞ്ഞു കിടക്കുന്ന തസ്തികകളുടെ ഒഴിവുകൾ നികത്താത്തതിന് കാരണമെന്താണെന്ന് വിശദമാക്കാമോ?</td><td>(സി)</td><td>മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ തസ്തികയിൽ ഉള്ള ഒഴിവ് സസ്പെൻഷൻ വേക്കൻസി ആണ്. അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ തസ്തികയിലെ നിലവിലുണ്ടായിരുന്ന പി.എസ്.സി. റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കുകയും, പുതിയ ലിസ്റ്റ് പ്രസിദ്ധീകരിക്കാൻ കാലതാമസമുണ്ടാവുകയും ചെയ്തു. ആയതിനാൽ</td></tr>
</table>

| | | | |
|---|---|---|---|
| | | | പ്രസ്തുത കാലയളവിൽ മോട്ടോർ വാഹന വകുപ്പിലുണ്ടായിട്ടുള്ള പ്രസ്തുത തസ്തികയിലെ ഒഴിവുകൾ നികത്തുവാൻ സാധിച്ചിരുന്നില്ല. 02.09.2024-ൽ നിലവിൽ വന്നിട്ടുള്ള റാങ്ക് ലിസ്റ്റ് പ്രകാരം കേരളാ പി.എസ്.സി. 70 ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകുകയും 57 പേർ പ്രസ്തുത തസ്തികയിൽ ജോലിയിൽ പ്രവേശിക്കുകയുമുണ്ടായി. പ്രസ്തുത ഉദ്യോഗസ്ഥർ നിയമാനുസൃതമായ അടിസ്ഥാന പോലീസ് പരിശീലനത്തിൽ പങ്കെടുക്കുകയാണ്. പ്രസ്തുത പരിശീലനം പൂർത്തിയാക്കുന്ന മുറയ്ക്ക് ഒഴിവുകൾ പൂർണ്ണമായും നികത്താൻ സാധിക്കുന്നതാണ്.<br><br>കൂടാതെ വകുപ്പിലെ അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ തസ്തികയിലെ പൊതുസ്ഥലംമാറ്റം സംബന്ധിച്ച് ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഉത്തരവിൻ പ്രകാരം സ്ഥലംമാറ്റം നടത്തുന്നതിന് സ്പാർക്ക് സോഫ്റ്റ് വെയർ സംബന്ധിച്ച സാങ്കേതികവും പ്രായോഗികവുമായ ബുദ്ധിമുട്ടുകൾ നിലവിലുണ്ട്. ക്ലാർക്ക്/സീനിയർ ക്ലാർക്ക് തസ്തികയിൽ ഉണ്ടായിട്ടുള്ളത് സസ്പെൻഷൻ കാരണമുണ്ടായ ഒഴിവായതിനാൽ പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്യുവാൻ സാധിക്കുകയില്ല. മറ്റൊരു ഒഴിവ് പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ